പഞ്ചായത്തുകളെല്ലാം രണ്ടാമത്തെ കാറ്റഗറിയിൽപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻകൂർ പെർമിറ്റ് അനിവാര്യമാണ്. എന്നാൽ കാറ്റഗറി രണ്ടിൽപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ 100 ചതുരശ്രമീറ്റർ വരെയുള്ളതും ഗ്രൂപ്പ് എ 1 താമസ ആവശ്യ ഒക്യൂപൻസിയിലെ ഏക കുടുംബ താമസാവശ്യ കെട്ടിടങ്ങളെയും (2 നില) മറ്റ ചില നിർമ്മാണങ്ങളെയും മുൻകൂർ പെർമിറ്റ് വാങ്ങുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം നിർമ്മിതികളെല്ലാം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കേണ്ടതാണ്. കെട്ടിടം നിർമ്മിക്കുന്നത് ചട്ട ലംഘനം ഉണ്ടെങ്കിൽ അത് നിർത്തിവയ്ക്കുന്നതിനും ലംഘനത്തോടെ നിർമ്മിച്ച ഭാഗം പൊളിച്ചു നീക്കുന്നതിനും കെട്ടിട ഉടമയോട് നിർദ്ദേശിക്കുന്നതിനും സെക്രട്ടറിക്ക് ചുമതലയുണ്ട്. 2013 മാർച്ച് 31 വരെയുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നൽകുന്നതിനുവേണ്ടിയുള്ള ചട്ടങ്ങൾ 21-3-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 150/2014/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളുടെ വിഭജനം

330 (1773) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ ഏതെങ്കിലും വിഭജിക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ഇത്തരത്തിലുള്ള വിഭജനത്തിന് പരിഗണിക്കപ്പെടുന്നത്; പഞ്ചായത്ത് വിഭജനവുമായി ബന്ധപ്പെട്ട് നിലവിലുള്ള മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

ഈ വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

ആനാട് ഗ്രാമപഞ്ചായത്തിലെ സേവനങ്ങളിന്മേൽ കാലതാമസം

331 (1774) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ബിൽഡിംഗ് പെർമിറ്റ്, എൻ.ഒ.സി. എന്നിവ നൽകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly